**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4688** **19.05.2017**-ലെ മറുപടിക്ക്

**പട്ടികജാതി ഭവന സഹായത്തിന് പഞ്ചായത്ത് തലത്തിൽ ഗുണഭോക്തൃ ലിസ്റ്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കയാണ്; | (എ) | സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000/- രൂപയും, ദുർബലവിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 3,50,000/- രൂപയും അനുവദിച്ച നൽകുന്നുണ്ട്. ടി തുക നിശ്ചിത നാല് ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലും പട്ടികജാതി വികസന വകുപ്പ് മുഖേന മുൻവർഷങ്ങളിൽ ഭൂമി ലഭിച്ചവർക്കും നേരിട്ട് അപേക്ഷ സമർപ്പിക്കുന്നവർക്കും അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ച വരുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, കൈവശാവകാശം എന്നിവ തെളിയിക്കുന്ന രേഖകളും ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, തിരിച്ചറിയൽ രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (ബി) | ഏറ്റവും പാവപ്പെട്ടവർക്ക് മുൻഗണന നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ ഗുണഭോക്തൃ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന ഗ്രാമസഭാ ലിസ്റ്റ്/ വാർഡ്സഭാ ലിസ്റ്റ്/ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് പട്ടികജാതി വികസന വകുപ്പ് ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നത്. എല്ലാ വർഷവും പ്രസ്തുത ലിസ്റ്റ് ആവശ്യപ്പെടുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാകാത്ത ഇടങ്ങളിൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. |

സെക്ഷൻ ഓഫീസർ